യു.എന്നില് ഇസ്രായേല് ഒറ്റപ്പെട്ടു

ജിബി വര്ഗ്ഗീസ് മീനടം

ന്യൂയോര്ക്ക്: ഐക്യരാഷ്ട്രസഭയിലും ഇസ്രായേല് ഒറ്റപ്പെടുന്നതായി റിപ്പോര്ട്ട്. കഴിഞ്ഞ ശനിയാഴ്ച്ച നടന്ന യൂഎന് രക്ഷാസമിതിയോഗത്തില് യുഎസ് ഒഴികെ എല്ലാ അംഗരാജ്യങ്ങളും ഇസ്രായേലിനെതിരെയുള്ള പ്രമേയത്തെ അനുകൂലിച്ചതോടെയാണ് ഐക്യരാഷ്ട്രസഭയിലും ഇസ്രായേലിനുള്ള പിന്തുണ നഷ്ടപ്പെടുന്നതായുള്ള റിപ്പോര്ട്ടുകള് പുറത്തുവന്നത്. ജറുസലേമിലും പരിസരപ്രദേശങ്ങളിലും ഇസ്രായേല് നടത്തുന്ന ജൂതകുടിയേറ്റ - നിര്മാണ പ്രവര്ത്തനങ്ങള്ക്കെതിരെ പലസ്തീന്റെ നേതൃത്വത്തില് അറബ് രാജ്യങ്ങളുടെ പിന്തുണയോടെയായിരുന്നു യുഎന്നില് പ്രമേയം അവതരിപ്പിച്ചത്.

യുഎന് രക്ഷാസമിതിയിലെ സ്ഥിരാംഗങ്ങളായ അഞ്ച് രാജ്യങ്ങളില് യുഎസ് ഒഴികെ ബ്രിട്ടണ്, ഫ്രാന്സ് തുടങ്ങിയവരും താത്കാലിക അംഗരാജ്യങ്ങളായ ഇന്ത്യ അടക്കമുള്ളവരും ഇസ്രായേലിനെതിരായ പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്യുകയുണ്ടായി. എന്നാല് യുഎസ് വീറ്റോ ചെയ്തതോടെ ഇസ്രായേല് വിരുദ്ധ പ്രമേയം രക്ഷാസമിതിയില് നടപ്പാക്കാനായില്ല. പ്രമേയം പാസാക്കുന്നത് വീറ്റോ ചെയ്തെങ്കിലും പലസ്തീനുമായി തര്ക്കം നിലനില്ക്കുന്ന പ്രദേശങ്ങളില് ഇസ്രായേല് നടത്തുന്ന ജൂതകുടിയേറ്റ ശ്രമങ്ങളും നിര്മാണ പ്രവര്ത്തനങ്ങളും അനധികൃതമാണെന്ന് യുഎസ് പ്രസ്താവനയില് അറിയിച്ചു.

യുഎന് രക്ഷാസമിതിയില് പ്രമേയത്തെ വീറ്റോ ചെയ്ത യുഎസ് നടപടിയെ ഇസ്രായേല് പ്രധാനമന്ത്രി ബഞ്ചമിന് നെത്യനാഹു സ്വാഗതം ചെയ്തു. പ്രമേയം വീറ്റോ ചെയ്യുന്നതില് നയപരമായ തീരുമാനം കൈക്കൊണ്ട അമേരിക്കന് പ്രസിഡന്റ് ബാരാക്ക് ഒബാമയുടെ ധീരമായ നടപടിയെ അഭിനന്ദിക്കുന്നതായും അമേരിക്കയോട് ഇസ്രായേല് നന്ദിപറയുന്നതായും പ്രധാനമന്ത്രി നെതന്യാഹു വ്യക്തമാക്കി. ഐക്യരാഷ്ട്രസഭയില് ഇസ്രായേലിനെതിരെ അവതരിപ്പിച്ച പ്രമേയം പാസായിരുന്നുവെങ്കില് പ്രദേശത്ത് നിലവില് നടന്നുവരുന്ന സമാധാനശ്രമങ്ങള് തകിടംമറിയുമായിരുന്നുവെന്നും എന്നാല് അമേരിക്കയുടെ യുക്തമായ നീക്കം പ്രദേശത്ത് ശാശ്വത സമാധാനം കൈവരിക്കാന് ഉപകരിക്കുമെന്നും അദേഹം കൂട്ടിചേര്ത്തു.

എല്ലാ അറബ് രാജ്യങ്ങളുടെയും കൂടാതെ 120 രാജ്യങ്ങളുടെയും പിന്തുണയോടെയാണ് ഇസ്രായേലിനെതിരായ പ്രമേയം യുഎന് പൊതുസഭയില് പലസ്തീന് അവതരിപ്പിച്ചത്. ഇത് പിന്നീട് 15 അംഗരാജ്യങ്ങളുള്ള യുഎന് രക്ഷാസമിതിയുടെ ചര്ച്ചയ്ക്ക് വിടുകയായിരുന്നു. ഇസ്രായേല് വിരുദ്ധ പ്രമേയം പാസാക്കുന്നത് വീറ്റോ ചെയ്ത അമേരിക്കന് നടപടിയ്ക്കും, അതിന് നയപരമായി തീരുമാനമെടുത്ത പ്രസിഡന്റ് ഒബാമയുടെ നടപടിയ്ക്കുമെതിരെ അറബ് ലോകത്തും പലസ്തീനിലും ലോകമെങ്ങുമുള്ള പലസ്തീന് അനുകൂലികളുടേയും ഇടയില് കടുത്ത വിമര്ശനവും പ്രക്ഷോഭവും വരും ദിവസങ്ങളില് നേരിടേണ്ടിവരുമെന്ന കാര്യത്തില് സംശയംവേണ്ടെന്ന് രാഷ്ട്രീയനിരീക്ഷകര് അഭിപ്രായപ്പെടുന്നു.